പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2439

05.11.2019 - ൽ മറുപടിക്ക്.

## വയനാട് ജില്ലയിലെ വ്യാവസായിക പുരോഗതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഒ. ആർ. കേളു | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
| (എ) വയനാട് ജില്ലയിൽ വ്യാവസായിക പുരോഗതി ലക്ഷ്യമിട്ട് ഏതെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ആലോചിച്ചുവരുന്നത് ; | (എ) : വയനാട് കോഫി ലോക വിപണിയിൽ എത്തിച്ച് വിപണി നേടിയെടുക്കാൻ സാധിക്കുന്നതിനായി ഒരു പാർക്ക് സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>വിവിധ മേഖലകളിലെ സ്കിൽഡ് & അൺസ്കിൽഡ് തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘം സ്ഥാപിക്കുന്നതിനായി തുടക്കമെന്ന നിലയ്ക്ക് 15 പഞ്ചായത്തുകളിൽ സ്കിൽഡ് എന്റർപ്രണർ സെന്റർ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വയനാട് ജില്ലയിൽ ഖാദി ഗ്രാമ വ്യവസായ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് 'എന്റെ ഗ്രാമം', 'പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽദാന പദ്ധതി' എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br>കൈത്തറി വ്യവസായ മേഖലയിലെ പുരോഗതിയ്ക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു :-<br>1. കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി.<br>2. തൊഴിൽരഹിതരായ യുവാക്കൾക്ക് വേണ്ടി യുള്ള യുവവീവ് പദ്ധതി.<br>3. കൈത്തറി സംഘങ്ങളിലെ അംഗങ്ങൾക്ക വേണ്ടിയുള്ള ഒരു വീട്ടിൽ ഒരു തറി പദ്ധതി. |

4. കൈത്തറി ഉത്പന്നങ്ങൾക്ക് ബ്രാന്റിങ് നൽകുന്നതിനുള്ള പദ്ധതി.
5. നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾ ക്കുമുള്ള പ്രചോദന പരിപാടി.
6. കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി.
7. പ്രാഥമിക കൈത്തറി സംഘങ്ങൾക്കുള്ള അവാർഡ് പദ്ധതി.
8. കൈത്തറി മേഖലയിലെ നെയ്ത്തുകാർക്കും അനുബന്ധതൊഴിലാളികൾക്കും മാനസികോ ല്ലാസത്തിനു വേണ്ടി ക്രിയാത്മക വേദിയൊരു ക്കുന്നതിനുള്ള വീവേഴ്സ് ഫെസ്റ്റ്.
9. മഹാത്മഗാന്ധി ബാങ്കർ ബീമാ യോജന എന്ന പേരിൽ കൈത്തറി നെയ്ത്തുകാർക്കുള്ള ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി.
10. ഗുണമേൻമയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പ് വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

(ബി) വയനാട് : വയനാട് ജില്ലയിൽ സംരംഭക സഹായ പദ്ധതി പ്രകാരം 117 ഗുണഭോക്താക്കൾക്കായി 621.94 ലക്ഷം രൂപ സബ്സിഡിയായി നൽകി. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്കായി 1.003 ലക്ഷം രൂപയും നൽകി. കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി (ASHA) പ്രകാരം 1 ഗുണഭോക്താവിന് 0.85 ലക്ഷം രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP) പ്രകാരം 184 ഗുണഭോക്താക്കൾക്കായി 288.29 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിന്റെ ഭാഗമായി വിവിധ മേഖലകളിൽ സംരംഭകത്വ പരിശീലന പരിപാടികൾ, എക്സിബിഷൻ എന്നിവ

സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 2016-17 വർഷത്തിൽ 1200 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 20 പ്രോഗ്രാമുകളും 2017-18 വർഷത്തിൽ 1357 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 23 പ്രോഗ്രാമുകളും 2018-19 വർഷത്തിൽ 1184 പേരെ പങ്കെടുപ്പിച്ചുകൊണ്ട് 21 സെമിനാറുകളും നടത്തി.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ 55.99 കോടി രൂപയുടെ നിക്ഷേപത്തിലൂടെ 823 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും 2233 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

എന്റെ ഗ്രാമം പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 72.68 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം നടത്തുവാനും അതുവഴി 14 യൂണിറ്റുകൾക്കായി 24.55 ലക്ഷം രൂപയുടെ സബ്സിഡി വിതരണം ചെയ്യുവാനും 41 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞു. 2018-19 വർഷം 14.71 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം നടത്താനും അതുവഴി 5 യൂണിറ്റുകൾക്കായി 5.26 ലക്ഷം രൂപയുടെ സബ്സിഡി നൽകാനും പുതുതായി 17 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് ഇതുവരെ വയനാട് ജില്ലയ്ക്ക് 12,90,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 12,65000/- രൂപ നെയ്ത്തുകാർക്ക് കൂലിയിനത്തിൽ നൽകിയിട്ടുണ്ട്. കൈത്തറി വസ്ത്ര പ്രചരണാർത്ഥം ചിത്രരചനാ മത്സരം, വീവേഴ്സ് ഫെസ്റ്റ് എന്നിവയും സംഘടിപ്പിച്ചു.

വയനാട് ജില്ലയിൽ പള്ളിക്കുന്ന് നെയ്ത്ത് കേന്ദ്രം ആരംഭിച്ചു. പുൽപ്പള്ളിയിൽ ഖാദി നെയ്ത്ത് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. കൂടാതെ ഖാദി ഗ്രാമം പദ്ധതി വഴി 50 തറികൾ പുതുതായി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു.

സെക്ഷൻ ഓഫീസർ.